ശ്രീ. കെ. എ. ദാമോദരമേനോൻ : 1961-ലാണ് അതു പാസാക്കിയതു്

ശ്രീ. എം. സി എബ്രഹാം : ഒരു പഞ്ചായത്തിൽ ഒരു കോടതി എന്നുള്ള തത്വം സ്വീകരിച്ചു നടപ്പാക്കുന്ന കാര്യം ഗവണ്മെന്റു് പര്യാലോചിക്കുമോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : അതും ഗവണ്മെന്റിന്റെ പരിഗണനയിലുണ്ടു്.

ശ്രീ. പി. കെ. നാരായണൻനമ്പ്യാർ : മലബാർ പ്രദേശത്തു് മദ്രാസു് പഞ്ചായത്തു് ആക്റ്റു് റദ്ദു് ചെയ്തതോടുകൂടി അന്നു നിലവിലുണ്ടായിരുന്ന പഞ്ചായത്തുകളെല്ലാം പിരിച്ചുവിട്ടിരിക്കുകയാണു് ചെയ്തിരിക്കുന്നതു്. അവിടെയുണ്ടായിരുന്ന കേസുകളെല്ലാം തന്നെ വിചാരണ ചെയ്യാതെ ഇരിക്കുകയാണു്. അതേസംബന്ധിച്ചു് ഗവണ്മെന്റു് വല്ല നടപടിയും എടുത്തിട്ടുണ്ടോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : ഉണ്ടു്. ആ കേസുകളെല്ലാം വിചാരണ ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചു് കഴിഞ്ഞിട്ടുണ്ടു്.

നെൽകൃഷി വികസിപ്പിക്കുന്നതിനുള്ള പദ്ധതി

* 844. [9] ശ്രീ. എം. സി. എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ക്ഷീരവികസനമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാക്കേജു് പരിപാടിയുടെ മോഡലിൽ നെൽകൃഷി വികസിപ്പിക്കുന്നതിനുള്ള എന്തെങ്കിലും പദ്ധതി ഗവണ്മെന്റു് ആസൂത്രണം ചെയ്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ സ്വഭാവമെന്തു് ;

(സി) ഈ പദ്ധതി നടപ്പിൽ വരുത്തിയിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഏതെല്ലാം സ്ഥലങ്ങളിലാണു് ?

ക്ഷീരവികസനമന്ത്രി (ശ്രീ. ഈ. പി. പൗലോസു്):

(എ) ഉണ്ടു്. പാക്കേജു് പദ്ധതിയുടെ മാതൃകയിൽതന്നെ നെൽകൃഷി വികസനത്തിനായി ഒരു തീവ്രയത്നപരിപാടി ആരംഭിച്ചുകഴിഞ്ഞിട്ടുണ്ടു്.

(ബി) നെൽകൃഷിക്കു് ഏറ്റവും അനുയോജ്യമായ സ്ഥലങ്ങളിൽ ആധുനികരീതിയിലുള്ള കൃഷി സമ്പ്രദായം നടപ്പിലാക്കുകയും, തദ്വാരാ നെല്ലിന്റെ ഉല്പാദനം ഇപ്പോഴുള്ളതിൽനിന്നും 25—30 ശതമാനംകൂടി വർദ്ധിപ്പിക്കുകയും ചെയ്യുക എന്നതാണു് ഈ പരിപാടിയുടെ ലക്ഷ്യം. ഈ പദ്ധതിയുടെ വിജയത്തിനുവേണ്ടി സാമ്പത്തികവും സാങ്കേതികവുമായ സഹായം കൃഷിക്കാർക്കു് കിട്ടുന്നതാണു്.

(സി) ഉണ്ടു്.

(ഡി) എറണാകുളം, തൃശ്ശൂർ, കോഴിക്കോടു് ഈ ജില്ലകളിൽ അഞ്ചു ബ്ലോക്കുകൾവീതവും, തിരുവനന്തപുരം, കൊല്ലം, കോട്ടയം, കണ്ണൂർ എന്നീ ജില്ലകളിൽ ഓരോ ബ്ലോക്കു് വീതവും ഈ കൃഷി പദ്ധതിക്കുവേണ്ടി തിരഞ്ഞെടുത്തിട്ടുണ്ടു്. ഈ ബ്ലോക്കുകളിൽ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞിട്ടുണ്ടു്. തിരഞ്ഞെടുക്കപ്പെട്ട ബ്ലോക്കുകളുടെ ലിസ്റ്റു് താഴെ ചേർക്കുന്നു.

ജില്ല		ബ്ലോക്കു്
എറണാകുളം	—	(1) മൂവാറ്റുപുഴ
		(2) അങ്കമാലി
		(3) കളംതുരുത്തി
		(4) കോതമംഗലം
		(5) ആലങ്ങാടു്
തൃശ്ശൂർ	—	(6) ഒല്ലൂക്കര
		(7) പാലക്കാടി
		(8) വടക്കാഞ്ചേരി
		(9) പഴയന്നൂർ
		(10) അന്തിക്കാടു്

LIBRARY ARCHIVES Kerala Legislative Assembly

ജില്ല		ബ്ലോക്ക്
കോഴിക്കോട്	—	(11) തിരുർ
		(12) കുറ്റിപ്പുറം
		(13) മഞ്ചേരി
		(14) കൊണ്ടോട്ടി
		(15) മലപ്പുറം
കണ്ണൂർ	—	(16) മഞ്ചേശ്വരം
തിരുവനന്തപുരം	—	(17) കഴക്കൂട്ടം
കൊല്ലം	—	(18) കരുനാഗപ്പള്ളി
കോട്ടയം	—	(19) പള്ളം

ശ്രീ. എം. സി. എബ്രഹാം : ഈ പാക്കേജ് പദ്ധതി നടപ്പാക്കുന്ന സ്ഥലങ്ങളുടെ സംഖ്യ വർദ്ധിപ്പിക്കാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ; കൂടുതൽ സ്ഥലങ്ങളിലേക്ക് ഈ പരിപാടി വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. ഈ. പി. പൗലോസ് : ഇതു ആരംഭിച്ചിട്ടുള്ളതു മാത്രമാണ്. കഴിവുള്ളിടത്തോളം പാക്കേജ് പദ്ധതിതന്നെ ഇപ്പോഴും കൂട്ടനാട്ടും പാലക്കാട്ടും ആരംഭിച്ചിട്ടുള്ള രീതിയിൽ കാർഷികധാന്യങ്ങളും ആധുനികമായ രീതിയിൽ വികസിപ്പിക്കണമെന്നാണ് ഗവണ്മെൻറ് ഉദ്ദേശിച്ചിട്ടുള്ളതു്. ഏതായാലും ഇതേ സംബന്ധിച്ച പരിപാടി മുന്നോട്ടു കൊണ്ടുപോകുകയാണ് ലക്ഷ്യം.

ശ്രീ. കെ. എം. ജോർജ്ജ്: നെല്ലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഗവണ്മെൻറ് എടുത്തിട്ടുള്ള നടപടി നല്ലതാണെങ്കിലും ഉല്പാദന ചെലവു് വളരെ കൂടുതലാണെന്നുള്ള വസ്തുതയെ കണക്കാക്കി കാളയെക്കൊണ്ടു് ഉഴവു് ചെയ്യുന്ന സമ്പ്രദായം മാറ്റി യന്ത്രങ്ങളും ഉപയോഗപ്പെടുത്താനും അതിനുവേണ്ടി കൃഷിക്കാർക്ക് എന്തെങ്കിലും സബ്സിഡിയോ സഹായമോ ചെയ്യാനും ഗവണ്മെൻറ് തയ്യാറാകുമോ ?

ശ്രീ. ഈ. പി. പൗലോസ്: കാളയെ വാങ്ങിക്കുന്നതിനും സംരക്ഷിക്കുന്നതിനും ബുദ്ധിമുട്ടുള്ളതുകൊണ്ട് കൂടെ പവ്വർ ടില്ലേഴ്സ് വരുത്തുന്നതിനു ആവശ്യമായ തുക തരണമെന്നു് ഇൻഡ്യാഗവണ്മെൻറിനോടു് ആവശ്യപ്പെട്ടിട്ടുണ്ടു്. അതിൻറെ തത്വം അംഗീകരിച്ചുവെങ്കിലും ഫാറിൻ എക്സ്ചേഞ്ചു ലഭിക്കുന്നതിനു ബുദ്ധിമുട്ടുണ്ടായിരുന്നു. പക്ഷേ ഒന്നരലക്ഷം രൂപക്കു് പവ്വർ ടില്ലേഴ്സ് വാങ്ങിക്കുന്നതിനു് അനുവാദം തന്നിട്ടുണ്ടു്. ഉടനെ അതിൻറെ ആർഡർ കിട്ടും. അതുകൊണ്ടു് 60—ഓ 70—ഓ പവ്വർ ടില്ലേഴ്സ് വാങ്ങാൻ സാധിക്കുന്നതാണു്.

ശ്രീ. സി. അച്യുതമേനോൻ : ഇൻറൻസീവു കൾട്ടിവേഷനു വേണ്ടി ബ്ലോക്കുകളും തിരഞ്ഞെടുക്കുന്നതു് എന്തു മാനദണ്ഡത്തിൻറെ അടിസ്ഥാനത്തിലാണു്? ഏറ്റവുമധികം ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി ജലസേചന സൗകര്യമുള്ള ബ്ലോക്കുകളാണു് ഇതിനുവേണ്ടി തിരഞ്ഞെടുക്കേണ്ടതു്. അങ്ങനെയുള്ള തിരഞ്ഞെടുപ്പിൻറെ യാതൊരു ലക്ഷണവും ഇതിൽ കാണുന്നില്ല. കോഴിക്കോട്ടാണെങ്കിൽ ജലസേചന സൗകര്യമൊന്നുമില്ല. അതുകൊണ്ടു് ഇതിനു എന്തെങ്കിലും മാനദണ്ഡം സ്വീകരിച്ചിട്ടുണ്ടോ, അതോ ഡിസ്ട്രിക്ട് കമ്മറ്റിക്കായിട്ടു പങ്കു വച്ചുകൊടുക്കുകയാണോ ചെയ്യുന്നതു്?

ശ്രീ. ഈ. പി. പൗലോസ്: പങ്കുവച്ചു കൊടുക്കുക എന്നുള്ളതല്ല. ഇതു ആദ്യം കോഴിക്കോട്ടു് വയനാടാണു് തിരഞ്ഞെടുത്തതു്. വയനാട്ടിൽ ഈ പരിപാടി പ്രായോഗികമായിശരിയായി നടപ്പാക്കാൻ സാദ്ധ്യമല്ലെന്നു കളക്ടർ പറഞ്ഞു. കളക്ടറുടെ ശുപാർശയനുസരിച്ചാണു് അവിടെനിന്നും മാറ്റി വേറെ ബ്ലോക്കുകളിലേക്കു കൊടുത്തതു്. കളക്ടറന്മാരുടെ അഭിപ്രായം കൂടി പരിഗണിച്ചാണു് ഇതു് ചെയ്യുന്നതു്.

ശ്രീ. എൻ. ഈ. ബലറാം: ഈ പ്രോഗ്രാമനുസരിച്ചു് ഒരേക്കർ സ്ഥലത്തു് എന്തു കൂടുതൽ തുക ചെലവു ചെയ്യാനാണു് ഗവണ്മെൻറ് ഉദ്ദേശിക്കുന്നതു്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. പി. പൗലോസ്: ഈ പ്രോഗ്രാമനുസരിച്ച് ക്രെഡിറ്റ്, ആധുനികരീതിയിലുള്ള കൃഷി സമ്പ്രദായങ്ങളും സ്വീകരിക്കുന്നതിനുള്ള സഹായങ്ങളും മുതലായവ ചെയ്തുകൊടുക്കുന്നുണ്ട്. വളത്തിനു് സബ്സിഡി കൊടുക്കുന്നതൊഴിച്ചാൽ ബാക്കിയുള്ളതെല്ലാം ലോണായിട്ടാണു് കൊടുക്കുന്നതു്. അഡീഷണലായി വിത്തു്, എക്യുപ്മെന്റ്സ് മുതലായവക്കാണു് കൂടുതലായി ചെലവു ചെയ്തുകൊണ്ടിരിക്കുന്നതു്. ഇതിനുവേണ്ടി ആറേഴു് ലക്ഷം രൂപ കൂടി ചെലവാക്കുന്നതാണു്.

ശ്രീ. ജോസഫ് ചാഴിക്കാടൻ: നെൽകൃഷിക്കു കാളകളും ആവശ്യമുണ്ടെന്നുള്ളതിനെ പരിഗണിച്ചു ഈ ഗവണ്മെന്റു ഭരണത്തിലിരിക്കുന്ന കാലത്തുതന്നെ കൃഷിക്കാർക്കു ഈരണ്ടു കാളകളും വീതം കൊടുക്കുമോ; അല്ലെങ്കിൽ കാളകളെ വാങ്ങുന്നതിനുള്ള തുക വായ്പയായി കൊടുക്കുകയെങ്കിലും ചെയ്യുമോ?

ശ്രീ. ഇ. പി. പൗലോസ്: ഈരണ്ടു കാളകളും വീതം ഈ ഗവണ്മെന്റിന്റെ കാലത്തു കൊടുക്കണമെന്നുള്ളതാണു് ഉദ്ദേശം. ബഹുമാനപ്പെട്ട മെമ്പർ കലപ്പയുംകൂടി ഉപയോഗിക്കുമെങ്കിൽ അതു ചെയ്യാം.

ഫെറി സർവ്വീസ്

* 845. [10] ശ്രീ. പി. കെ. അബ്ദുൽഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കേരളത്തിൽ അഴിമുഖങ്ങളിൽ ഫെറി സർവ്വീസ് എവിടെയെല്ലാം നടത്തുന്നുണ്ടു്;

(ബി) കൊടുങ്ങല്ലൂർ അഴിക്കോടു് അഴിമുഖത്തു് ഇപ്പോഴും മോട്ടോർ ബോട്ടുകളെ ഫെറിക്കായി ഉപയോഗിക്കുന്നതു് ;

(സി) വർഷകാലത്തു് ശക്തിയായി ഒഴുക്കു ഉണ്ടാകുന്ന ഘട്ടങ്ങളിലും മറ്റും പ്രസ്തുത ബോട്ടു് ഓടാറില്ലെന്ന വസ്തുത ഗവണ്മെന്റു ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ഡി) യാത്രക്കാരുടെ സൗകര്യാർത്ഥവും അപായം ഉണ്ടാകാതിരിക്കുവാനുമായി അഴീക്കോടു് മുനമ്പം ഫെറിയിൽ എൽ. സി. എം.-ഓ. ജംങ്കാർ സർവ്വീസോ നടത്തുന്നതിനു് ഉടനടി നടപടികളും സ്വീകരിക്കുമോ ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. പി. പി. ഉമ്മർകോയ):

(എ) താഴെപ്പറയുന്ന മൂന്നു അഴിമുഖങ്ങളിൽ ഫെറിസർവ്വീസ് നടത്തുന്നുണ്ടു്. (1) ഫോർട്ടുകൊച്ചി—വൈപ്പിൻകര (2) അഴിക്കോടു്—മുനമ്പം (കൊടുങ്ങല്ലൂർ—അഴീക്കോടു്) (3) ചാലിയംകടവു് (കോഴിക്കോടു്)

(ബി) അതേ.

(സി) വർഷകാലത്തു വളരെയധികം ബുദ്ധിമുട്ടുകളോടെയാണെങ്കിലും ഈ ബോട്ടു് സർവ്വീസു നടത്തുന്നുണ്ടു്.

(ഡി) ഇക്കാര്യം പരിശോധിക്കുന്നതാണു്.

ശ്രീ. എം. നാരായണക്കുറുപ്പു്: ഇവിടെ ചാലിയം കടവിന്റെ കാര്യം പറഞ്ഞു. അവിടെ വർഷകാലത്തു് ആളുകൾക്കു് തീരെ യാത്ര ചെയ്യാൻ സാധിക്കുന്നില്ല എന്നുള്ളതിനെമുൻനിറുത്തി മോട്ടോർബോട്ടു് സർവ്വീസ് നടത്താൻ വേണ്ട എർപ്പാടു ചെയ്യുമോ ?

ശ്രീ. പി. പി. ഉമ്മർകോയ: ചാലിയം കടവിൽ ഒരു വള്ളം മാത്രമാണു് കടത്തിനു ഉപയോഗിക്കുന്നതു്. അവിടെ മോട്ടോർബോട്ടു് ഏർപ്പെടുത്തുന്ന കാര്യം ഗവണ്മെന്റു് പരിഗണിക്കുന്നതാണു്.

LIBRARY ARCHIVES Kerala Legislative Assembly